(ഇ)	സൂപ്പർവൈസർ	1 എണ്ണം
	ഫിറ്റർ	1 എണ്ണം
	മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്	1 എണ്ണം
	ഇലക്ട്രീഷ്യൻ	1 എണ്ണം
	വർക്കേഴ്സ്	17 എണ്ണം
	സെക്യൂരിറ്റി	1 എണ്ണം
		22 എണ്ണം

(എഫ്) അപേക്ഷ ക്ഷണിച്ചിരുന്നു. താഴെ പറയുന്ന പ്രകാരം അപേക്ഷ ലഭിച്ചിട്ടുണ്ട്.

സൂപ്പർവൈസർ	6 എണ്ണം
ഫിറ്റർ	12 എണ്ണം
മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്	30 എണ്ണം
ഇലക്ട്രീഷ്യൻ	27 എണ്ണം
വർക്കേഴ്സ്	189 എണ്ണം
സെക്യൂരിറ്റി	3 എണ്ണം

(ജി) ഇല്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒരു താൽക്കാലിക സ്റ്റേ നിൽക്കുന്നതുകൊണ്ട് നിയമനങ്ങൾ നടത്താൻ കഴിഞ്ഞിട്ടില്ല.

(എച്ച്) സഹകരണ നിയമനങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി നിയമനം നടത്തുന്നതാണ്.

സഹകരണ ബാങ്കുകളുടെ ട്രഷറി നിക്ഷേപം

118 (1270) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന അഗ്രികൾച്ചറൽ ഡവലപ്മെന്റ് ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ ബാങ്കുകൾ, ജർമ്മൻ റൂറൽ സഹകരണ ബാങ്കുകൾ തുടങ്ങി മറ്റു സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ ട്രഷറികളിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ ആണ്ട് തിരിച്ച് വിവരം വെളിപ്പെടുത്താമോ ;

(ബി) ഈ ഡെപ്പോസിറ്റുകൾക്ക് ലഭിക്കുന്ന പലിശ നിരക്ക് എത്രയാണ് ;

(സി) പലിശയിനത്തിൽ എത്ര തുക ഈ ഡെപ്പോസിറ്റുകൾക്ക് നൽകിയിട്ടുണ്ട് ;

(ഡി) 31-1-2001-ൽ സംസ്ഥാനത്തെ ട്രഷറികളിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും നിക്ഷേപിച്ചിട്ടുള്ളതും ബാക്കി നില്പുള്ളതുമായ തുകയുടെ വിശദവിവരം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സഹകരണബാങ്ക്, ജില്ലാ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നീ സഹകരണ സ്ഥാപനങ്ങൾ ട്രഷറികളിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I സംസ്ഥാന സഹകരണ ബാങ്ക്

1996-97	-	നിക്ഷേപം ഇല്ല
1997-98	-	നിക്ഷേപം ഇല്ല
1998-99	-	295 കോടി രൂപ
1999-2000	-	നിക്ഷേപം ഇല്ല
2000-2001	-	നിക്ഷേപം ഇല്ല
ആകെ	-	295 കോടി രൂപ

II ജില്ലാ സഹകരണ ബാങ്കുകൾ

1996-97	-	നിക്ഷേപം ഇല്ല
1997-98	-	നിക്ഷേപം ഇല്ല
1998-99	-	നിക്ഷേപം ഇല്ല
1999-2000	-	747.62 കോടി രൂപ
2000-2001	-	നിക്ഷേപം ഇല്ല
ആകെ	-	747.62 കോടി രൂപ

III പ്രാഥമിക സഹകരണ സംഘങ്ങൾ

1996-97	-	നിക്ഷേപം ഇല്ല
1997-98	-	നിക്ഷേപം ഇല്ല
1998-99	-	നിക്ഷേപം ഇല്ല
1999-2000	-	നിക്ഷേപം ഇല്ല
2000-2001	-	299.28 കോടി രൂപ
ആകെ	-	299.28 കോടി രൂപ

(ബി) സംസ്ഥാന സഹകരണ ബാങ്കിന്റേയും ജില്ലാ സഹകരണ ബാങ്കുകളുടേയും നിക്ഷേപത്തിന് 15 ശതമാനവും പ്രാഥമിക സഹകരണ സംഘങ്ങളുടെ നിക്ഷേപത്തിന് 12 ശതമാനവും ആണ് പലിശ നിരക്ക്.

(സി) പലിശയിനത്തിൽ സംസ്ഥാന സഹകരണബാങ്കിന് 26.54 കോടി രൂപയും ജില്ലാ സഹകരണ ബാങ്കുകൾക്ക് 68.61 കോടി രൂപയും ലഭിച്ചിട്ടുണ്ട്. പ്രാഥമിക സഹകരണ ബാങ്കുകളുടെ നിക്ഷേപം സഞ്ചിത നിക്ഷേപമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിക്ഷേപങ്ങളിൽ 31-1-2001-ൽ ബാക്കി നിൽപ്പുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

I	സംസ്ഥാന സഹകരണ ബാങ്ക്	-	ബാക്കി നില്പില്ല
II	ജില്ലാ സഹകരണ ബാങ്ക്	-	502.24 കോടി രൂപ
III	പ്രാഥമിക സഹകരണ സംഘങ്ങൾ	-	299.28 കോടി രൂപ
	ആകെ	-	801.52 കോടി രൂപ

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1182-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II അടിയന്തിരപ്രമേയം

തീരപ്രദേശത്തെ കയർതൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....കയർ മേഖലയെ സംബന്ധിക്കുന്ന ഒരു അടിയന്തിരപ്രമേയത്തിന്റെ നോട്ടീസ് ചെയറിനു ലഭിച്ചിട്ടുണ്ട്. അതിന്റെ അർജൻസിയോ, എമർജൻസിയോ നോക്കിയാൽ ചിലപ്പോൾ അത് അനുവദിക്കാൻ കഴിഞ്ഞുവെന്നു വരികയില്ല. പക്ഷേ, ആ വിഷയത്തിന്റെ പ്രാധാന്യം വച്ചുകൊണ്ട് അത് അനുവദിക്കുകയാണ്. കയർഫെഡിലും പ്രാഥമിക കയർ സഹകരണ സംഘങ്ങളിലും കയറും കയർ ഉൽപ്പന്നങ്ങളും കെട്ടിക്കിടക്കുന്നതുമൂലം തീരപ്രദേശത്തെ കയർ തൊഴിലാളികൾ നേരിടുന്ന ഗുരുതരമായ സ്ഥിതിവിശേഷം 50-ാം ചട്ടപ്രകാരം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രൊഫ. എ.വി. താമരാക്ഷൻ, ശ്രീ. പി ജെ. ഫ്രാൻസിസ്, ശ്രീ. സി. ടി. അഹമ്മദ് അലി, ശ്രീ. തോമസ് ചാഴികാടൻ, ശ്രീ. ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി.....

9.30 A.M.]

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, കയർഫെഡിൽ 38 കോടിരൂപയുടെ സ്റ്റോക്ക് കെട്ടിക്കിടക്കുന്നില്ല. 22 കോടിരൂപയുടെ സ്റ്റോക്കു മാത്രമാണ് കെട്ടിക്കിടക്കുന്നത്. സ്വകാര്യ ചെറുകിട മേഖലയിൽ കയറും കയർ ഉല്പന്നങ്ങളും കെട്ടിക്കിടക്കുമ്പോൾ ഡിസ്ട്രസ് പർചേസ് നടത്താൻ ഇങ്ങനെ ഒരു പദ്ധതികൊണ്ടുവന്നത് ഈ ഗവൺമെന്റാണ്. ഇതിനുമുമ്പ് ഇങ്ങനെ ഒരു സംവിധാനം ഉണ്ടായിരുന്നില്ല. തിരുവനന്തപുരം, കൊല്ലം, വൈക്കം തുടങ്ങിയ മേഖലകളിൽ ഡിസ്ട്രസ് പർച്ചേസ് നടത്തുന്നതിന് ചില സ്ഥലത്ത് ഡിപ്പോകൾ തുടങ്ങിക്കഴിഞ്ഞു. തുടങ്ങിയ സ്ഥലത്ത് ആവശ്യമായ പണം ലഭ്യമാക്കുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്. കയർഫെഡ് ഇന്നലെ മുതൽ വളരെ ശക്തമായി സംഭരണം തുടങ്ങിയിട്ടുണ്ട്. കയർഫെഡിന്റെ സീലിംഗ് 12 കോടി രൂപയിൽ നിന്ന് 12.5 കോടി രൂപയായി വർദ്ധിച്ചു. 'നബാഡ്' ക്യാഷ്ക്രെഡിറ്റ് 1999-2000-ൽ

LIBRARY ARCHIVES Kerala Legislative Assembly